പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2215 20.01.2021 -ൽ മറുപടിക്ക്.

## കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യങ്ങളുടെ കണക്ക്

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | | മറുപടി<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച് നൽകുന്ന മുഴുവൻ റേഷൻ വിഹിതവും എഫ്.സി.ഐ. ഗോഡൗണിൽ നിന്നും സർക്കാർ കൈപ്പറ്റാറുണ്ടോ ; | (എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുത്തിയതിനു ശേഷം, മുൻഗണനാ വിഭാഗത്തിൽ അധിക നീക്കിയിരിപ്പായി വന്ന സ്റ്റോക്ക് കുറവു ചെയ്ത് വിട്ടെടുത്ത ചില മാസങ്ങളിലേതൊഴിച്ചാൽ, കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച് നൽകുന്ന മുഴുവൻ റേഷൻ വിഹിതവും എഫ്.സി.ഐ. യിൽ നിന്നും കൈപ്പറ്റാറുണ്ട്. |
| (ബി) | 2020 ജനുവരി മുതൽ ഡിസംബർ വരെ സംസ്ഥാനത്തിന് അനുവദിച്ചതും, കൈപ്പറ്റിയതുമായ ഭക്ഷ്യധാന്യങ്ങളുടെ കണക്ക് ലഭ്യമാകുമോ ; | (ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കോവിഡ് പ്രതിസന്ധിമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് കേന്ദ്രം സംസ്ഥാനത്തിന് കൂടുതലായി ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് കേന്ദ്രം ഇപ്രകാരം അനുവദിച്ചതെന്ന് അറിയിക്കുമോ ; | (സി) കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്രം സംസ്ഥാനത്തിന് കൂടുതലായി ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചിട്ടുണ്ട്. PMGKAY (പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന) സ്കീമിൽ അരിയും ഗോതമ്പുമുൾപ്പെടെ 592905.48 മെ.ടൺ ഭക്ഷ്യധാന്യവും 29528.735 മെ.ടൺ പയർവർഗ്ഗങ്ങളും അതിഥി തൊഴിലാളികൾക്ക് നൽകുന്നതിനായി ആത്മ നിർഭർ ഭാരത് സ്കീമിൽ 15480.012 മെ.ടൺ അരിയും 745.058 മെ.ടൺ പയർവർഗ്ഗങ്ങളും നൽകിയിരുന്നു. കൂടാതെ മുൻഗണനേതര വിഭാഗങ്ങൾക്കായി 133000 മെ.ടൺ അരിയും നൽകിയിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ സൗജന്യമായിട്ടാണോ അനുവദിച്ചത്; വിശദമാക്കുമോ? | (ഡി) PMGKAY സ്കീം മുഖേന മുൻഗണനാ വിഭാഗങ്ങൾക്ക് നൽകിയ വിഹിതവും അതിഥി തൊഴിലാളികൾക്ക് ANB സ്കീം മുഖേന നൽകിയ വിഹിതവും സൗജന്യമായിട്ടാണ് അനുവദിച്ചത്. എന്നാൽ മുൻഗണനേതര വിഭാഗത്തിനനുവദിച്ച വിഹിതം കി.ഗ്രാമിന് 22/- രൂപ നിരക്കിലാണ് ലഭ്യമാക്കിയത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**2020 ജനുവരി മുതൽ ഡിസംബർ വരെ സംസ്ഥാനത്തിന് അനുവദിച്ചതും കൈപ്പറ്റിയതുമായ ഭക്ഷ്യധാന്യങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു.**

(അളവ് മെ.ടണ്ണിൽ)

| മാസം | അനുവദിച്ചത് | | | കൈപ്പറ്റിയത് | | |
|---|---|---|---|---|---|---|
| | അരി | ഗോതമ്പ് | ആകെ | അരി | ഗോതമ്പ് | ആകെ |
| ജനുവരി 2020 | 87864.032 | 19895.986 | 107760.018 | 70542.803 | 19462.328 | 90005.131 |
| ഫെബ്രുവരി 2020 | 73458.656 | 16219.759 | 89678.415 | 73458.656 | 16219.759 | 89678.415 |
| മാർച്ച് 2020 | 73458.656 | 16219.759 | 89678.415 | 73458.656 | 16219.759 | 89678.415 |
| ഏപ്രിൽ 2020 | 73458.654 | 16219.759 | 89678.413 | 73458.654 | 16219.759 | 89678.413 |
| മെയ് 2020 | 96665.792 | 22088.291 | 118754.083 | 96665.792 | 22088.291 | 118754.083 |
| ജൂൺ 2020 | 96665.792 | 22088.291 | 118754.083 | 96665.792 | 22088.291 | 118754.083 |
| ജൂലൈ 2020 | 96665.718 | 22088.275 | 118753.993 | 96665.718 | 22088.275 | 118753.993 |
| ആഗസ്റ്റ് 2020 | 96665.792 | 22088.291 | 118754.083 | 96665.792 | 22088.291 | 118754.083 |
| സെപ്റ്റംബർ 2020 | 96665.792 | 22088.291 | 118754.083 | 96665.792 | 22088.291 | 118754.083 |
| ഒക്ടോബർ 2020 | 96673.853 | 22090.095 | 118763.948 | 96673.853 | 22090.095 | 118763.948 |
| നവംബർ 2020 | 96665.792 | 22088.291 | 118754.083 | 96665.792 | 22088.291 | 118754.083 |
| ഡിസംബർ 2020 | 96669.859 | 22089.201 | 118759.060 | 96669.859 | 22089.201 | 118759.060 |

സെക്ഷൻ ഓഫീസർ